**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2430**

**06.12.2018**-ലെ മറുപടിക്ക്

**<u>ചോദ്യം</u>**

ശ്രീ. മഞ്ഞളാംകുഴി അലി

**<u>മറുപടി</u>**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം</u>**

| | | |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സുഗമമാക്കുന്നതിന് സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സുഗമമാക്കുന്നതിന് സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിച്ച് 26.06.2018 തീയതിയിൽ സ.ഉ. (കൈ.) 232/18/ധന. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് തലത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു എസ്.പി.വി. രൂപീകരിച്ചതെന്ന് അറിയിക്കുമോ; | മന്ത്രിസഭാ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു എസ്.പി.വി. രൂപീകരിച്ചത്. |
| (സി) | ഈ കമ്പനിക്ക് എവിടെ നിന്നെല്ലാം തുക സമാഹരിക്കാനാണ് അധികാരം നൽകിയിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ എത്ര തുക സമാഹരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | നിക്ഷേപം, വായ്പ അടക്കമുള്ള ഉചിതമായ സാമ്പത്തിക ഉപാധികളിലൂടെ വ്യക്തികൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കമ്പനി ഫണ്ട് സമാഹരിക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും 1773.30 കോടി രൂപ വായ്പയായി സമാഹരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**